"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം.
തീയതി: 9-1-2015

ഉത്തരവ് നം.: E8-41989/14.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്- യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം - ജില്ലാതലത്തിൽ ടൈപ്പിസ്റ്റ് തസ്തികയുടെ cadre strength നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ(പി)നം.1/2014/ഉ.ഭ.പ.വ തീയതി: 03.01.2014.
2. സ.ഉ(പി)നം.21/2014/ഉ.ഭ.പ.വ തീയതി: 19.07.2014.

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ നിയമനാധികാരികളും അതത് വകുപ്പിലെ ജില്ലാ തലത്തിലുള്ള ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ cadre strength നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ പരാമർശം (1) പ്രകാരമുള്ള തസ്തികമാറ്റ നിയമനം അനുവദിക്കുവാൻ പാടുള്ളു എന്ന് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ ജില്ലാതല cadre strength ചുവടെ ചേർക്കും പ്രകാരം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | എൽ.ഡി.ക്ലാർക്ക് തസ്തികയിലെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 4 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 5 |
| 8 | തൃശൂർ | 4 |
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 2 |
| 14 | കാസർകോട് | 2 |
| | ആകെ | 46 |

db@15

പരാമർശം (1) പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികമാറ്റം വഴിയുള്ള നിയമനം ആകെ കേഡർ സ്ട്രെങ്ങ്തിന്റെ 10%-മായി നിജപ്പെടുത്തേണ്ടതാണ്. ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം cadre strength-ന്റെ 10 ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ വകുപ്പിൽ നിലവിലുള്ള 46 എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ 10%-ന് ആനുപാതികമായ 5 തസ്തികകൾ ജില്ല തിരിച്ച് ചുവടെ ചേർക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ മുഖേനയുള്ള തസ്തികമാറ്റ നിയമനത്തിനുള്ള cadre strength ആയി നിജപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ എണ്ണം | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബൈ-ട്രാൻസ്ഫർ നിയമനത്തിനായ് നിജപ്പെടുത്തിയ എണ്ണം (ടൈപ്പിസ്റ്റ് തസ്തികയുടെ 10%) |
|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 1 |
| 2 | കൊല്ലം | 3 | - |
| 3 | പത്തനംതിട്ട | 3 | - |
| 4 | ആലപ്പുഴ | 3 | - |
| 5 | കോട്ടയം | 4 | 1 |
| 6 | ഇടുക്കി | 2 | - |
| 7 | എറണാകുളം | 5 | 1 |
| 8 | തൃശൂർ | 4 | 1 |
| 9 | പാലക്കാട് | 3 | - |
| 10 | മലപ്പുറം | 3 | - |
| 11 | കോഴിക്കോട് | 4 | 1 |
| 12 | വയനാട് | 1 | - |
| 13 | കണ്ണൂർ | 2 | - |
| 14 | കാസർകോട് | 2 | - |
| | **ആകെ** | **46** | 5 |

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ മുഖേനയുള്ള തസ്തികമാറ്റ നിയമനം ഒരു കാരണവശാലും 5-ൽ അധികരിക്കുവാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ നിയമനങ്ങളും പരാമർശം (1)ലെയും പരാമർശം (2)ലെ ഉത്തരവുകൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്പഷ്ടീകരണത്തിനും വിധേയമായിട്ടുള്ളതായിരിക്കും.

**(ഒപ്പ്)**
**സാമൂഹ്യനീതി ഡയറക്ടർ**

പകർപ്പ്:

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. വെബ്സൈററ് പ്രസിദ്ധീകരണത്തിന്.
4. ഇ1 മുതൽ ഇ13 സീറ്റുകൾ.
5. സ്റ്റോക്ക് ഫയൽ/ സ്പെയർ/ സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

db@15